1) **<u>26.09.2017 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 485-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി.
3) ശ്രീമതി. അനൂജ എ.എസ്., സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
4) ശ്രീമതി. ഉഷാകുമാരി, ജില്ലാ ടൗൺ പ്ലാനർ, എറണാകുളം
5) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 125/2017-18</u>**

*25.08.2017 ൽ കൂടിയ 484-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

25.08.2017-ൽ കൂടിയ 484-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 126/2017-18</u>**

*26.07.2017-ൽ കൂടിയ 483-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

26.07.2017-ൽ കൂടിയ 483-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 127/2017-18</u>**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - എളംകുളം വെസ്റ്റ് സ്കീമിൽപ്പെട്ട എളംകുളം വില്ലേജ് സർവ്വേ നമ്പർ 731/1-ൽ പരേതനായ ശ്രീ. ശിവരാമൻ നായർ ഭാര്യ ഗൗരിയമ്മയുടെ പേരിലുള്ള 5 സെന്റ് സ്ഥലത്തിന് പകരം സർവ്വേ നമ്പർ 731/1, 6-ൽപ്പെട്ട 4.6 സെന്റ് സ്ഥലം അനുവദിക്കുന്നത് - സംബന്ധിച്ച്. (464/പി.എൽ.1/2013/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം എളംകുളം വെസ്റ്റ് സ്കീമിൽപ്പെട്ട എളംകുളം വില്ലേജ് സർവ്വേ നമ്പർ 737/1-ൽപ്പെട്ട പരേതയായ ഗൗരിയമ്മയുടെ പേരിലുള്ള 5 സെന്റ് സ്ഥലത്തിന് പകരം പാർക്കിന്റെ വടക്ക് കിഴക്ക് മൂലയിൽ ഒതുങ്ങി 731/1,6 സർവ്വേ നമ്പരുകളിൽപ്പെട്ട 4.6 സെന്റ് സ്ഥലം ഗൗരിയമ്മയുടെ അനന്തരാവകാശികളായ ശ്രീ. സജൻ കുമാർ, ശ്രീമതി. സ്മിത, ശ്രീ. സന്തോഷ്കുമാർ കെ.എസ്. എന്നിവരുടെ പേരിൽ പരസ്പര

കൈമാറ്റം നടത്തുന്നതിനും ആയതിന്റെ ചെലവ് മേൽ പറഞ്ഞ 3 പേരും വഹിക്കണമെന്നും ഉള്ള വിഷയത്തിൽ നിയമോപദേശം തേടുന്നതിന് തീരുമാനിച്ചു.

**4. തീരുമാനം നമ്പർ 128/2017-18**

*ജിസിഡിഎ - ധനകാര്യവിഭാഗം - ആദായനികുതി ഓഡിറ്റിംഗ് & റിട്ടേൺ ഫയലിംഗ് - മെ. എ.എ. മേനോൻ & അസ്സോസിയേറ്റിനെ നിയോഗിച്ചത് - - സംബന്ധിച്ച്. (2929/എഫ്.ബി.1/2016/ജിസിഡിഎ)*

അതോറിറ്റിയിലെ ആദായ നികുതി ഓഡിറ്റിംഗ്, റിട്ടേൺ ഫയലിംഗ് ഇതര നികുതികൾ, കണക്കുകൾ മുതലായവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിന് മെ. എ.എ. മേനോൻ & അസ്സോസിയേറ്റ്സിനെ കരാറടിസ്ഥാനത്തിൽ നിയോഗിച്ചതിൽ, മുദ്രപത്രത്തിൽ കരാർ തയ്യാറാക്കുന്ന രീതി C.A. Firm സാധാരണയായി അവലംബിക്കാത്തതിനാൽ അതോറിറ്റിയുടെ വ്യവസ്ഥകൾ അംഗീകരിച്ച് C.A. Firm രേഖാമൂലം മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് കരാർ വ്യവസ്ഥകളായി പരിഗണിച്ച് ബന്ധപ്പെട്ട പ്രവൃത്തികൾ തുടങ്ങിയത് സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 129/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - ശ്രീ. സജി. എസ്. രാജ്, സീനിയർ ക്ലർക്ക് - അന്യത്ര സേവനകാലാവധി ദീർഘിപ്പിക്കുന്നതിന് നിരാക്ഷേപസാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള തീരുമാനം - സംബന്ധിച്ച്. (6204/എസ്റ്റ2/2016/ജിസിഡിഎ)*

അതോറിറ്റിയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം കാര്യാലയത്തിൽ 01.12.2016 മുതൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. സജി എസ്.രാജ്, സീനിയർ ക്ലർക്കിന്റെ സേവന കാലാവധി 30.11.2017-ൽ പൂർത്തിയാകുന്ന സാഹചര്യത്തിൽ 01.12.2017 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനും ആയതിന്റെ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനും തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 130/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്രസ്റ്റേഡിയം ഫിഫ അണ്ടർ 17 ലോകകപ്പ് ടെണ്ടർ ചെയ്ത പെയിന്റിംഗ് പ്രവൃത്തികൾ നിർത്തിവച്ചത് - സംബന്ധിച്ച്. (ഇ2/3507/2016/ജിസിഡിഎ)*

വിഷയം വിശദമായി ചർച്ച ചെയ്തു. അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ഫിഫ അണ്ടർ-17 ലോക കപ്പിന് മുന്നോടിയായി കലൂർ ജെ.എൻ.ഐ.എസ്. പെയിന്റിംഗ് പ്രവൃത്തി സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ 25.08.2017-ലെ വിധി

പ്രകാരം 31.08.2017-ാം തീയതി ലിമിറ്റഡ് റിടെണ്ടർ നടത്തി ലോവസ്റ്റ് ആയ ആളെ തിരഞ്ഞെടുത്തു. സെപ്റ്റംബർ 2-ാം തീയതി ടിയാന് മൊബൈൽ ഫോണിൽ കൂടിയും ഇ-മെയിൽ ആയും നിരക്കിനെ സംബന്ധിച്ച workability statement ഹാജരാക്കുന്നതിന് സന്ദേശം നൽകിയെങ്കിലും ടിയാൻ സെപ്റ്റംബർ 8 വരെ പ്രതികരിക്കുകയുണ്ടായില്ല. സെപ്റ്റംബർ 8-ാം തീയതി ബന്ധപ്പെട്ടപ്പോൾ ടിയാന്റെ വർക്ക് എക്സ്പീര്യൻസ് വ്യക്തമാക്കുന്ന തെളിവുകളും സമയബന്ധിതമായി വർക്ക് പൂർത്തിയാക്കാനാകുമെന്നുറപ്പാക്കാൻ ആവശ്യമായ രേഖകളായ തൊഴിലാളികളുടെ ESI/PF രജിസ്ട്രേഷൻ ഉണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കാനാവശ്യപ്പെട്ടു. പിന്നീട് ടിയാൻ മേൽ പറഞ്ഞ കാര്യങ്ങൾക്ക് പ്രതികരിക്കുകയുണ്ടായില്ല. അനുബന്ധ രേഖകൾ ഹാജരാക്കുന്നതിന് ബിഡർക്ക് കഴിയാത്തതിനാലും സെപ്റ്റംബർ 15-ന് ശേഷം സ്റ്റേഡിയത്തിനുള്ളിൽ പ്രവേശിക്കുന്നതിന് ഫിഫ നിയന്ത്രണമുണ്ടാകുമെന്നതിനാലും ചുരുങ്ങിയ സമയത്തിനുള്ളിൽ പെയിന്റിംഗ് പ്രവൃത്തി തീർക്കുന്ന കാര്യം ബുദ്ധിമുട്ടായതിനാലും സർക്കാർ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാനാവില്ല എന്ന സാഹചര്യം പരിഗണിച്ചും കലൂർ സ്റ്റേഡിയത്തിലെ പെയിന്റിംഗ് പ്രവൃത്തി നിർത്തിവെച്ച നടപടി സാധൂകരിക്കുന്നതിനും ടി വിവരം ബഹു. ഹൈക്കോടതിയെ അറിയിക്കുന്നതിനും തീരുമാനിച്ചു.

**<u>7. തീരുമാനം നമ്പർ 131/2017-18</u>**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്രസ്റ്റേഡിയം ഫിഫ അണ്ടർ 17 കോംപറ്റീഷൻ ഏരിയയിൽ floor mat ചെയ്യുന്ന പ്രവൃത്തി അധിക തുക അംഗീകരിക്കുന്നത് - - സംബന്ധിച്ച്. (ഇ2/1368/2016/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 നോടനുബന്ധിച്ച് കോംപറ്റീഷൻ ഏരിയയിൽ കാർപ്പറ്റ് വിരിക്കുന്ന പ്രവൃത്തി കോംപറ്റീഷൻ ഏരിയയുടെ നവീകരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെയ്ത നടപടി സാധൂകരിക്കുന്നതിനും ടി പ്രവൃത്തി ചെയ്യുന്നത് മൂലം വരുന്ന 18.50 ലക്ഷം രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**<u>8. തീരുമാനം നമ്പർ 132/2017-18</u>**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - ശ്രീമതി.രൂപ.ആർ.ടി, സൂപ്രണ്ടിന് ചികിത്സാ ചെലവ് മടക്കി നൽകുന്നത് - സംബന്ധിച്ച്. (1055/ജി2/2015/ജിസിഡിഎ)*

അതോറിറ്റിയിലെ സൂപ്രണ്ട ശ്രീമതി. രൂപ ആർ.ടി.ക്ക് ടിയാരിയുടെ അമ്മയുടെ ചികിത്സാ ചെലവിനത്തിൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചെലവായ

32,208/- രൂപ 14.07.2017-ലെ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുമുള്ള റിപ്പോർട്ട് പ്രകാരം റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 133/2017-18**

*ജിസിഡിഎ - റവന്യൂ (സിസി) വിഭാഗം - അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽ പ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ വീട് നം.12 വിൽക്കുവാൻ അനുമതി നൽകുന്നത് - സംബന്ധിച്ച്. (സി11/5892/റവന്യൂ (സിസി)/റ്റി.കെ.സി-12/ജിസിഡിഎ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ വീട് നമ്പർ 12 ശ്രീമതി. ബീവി മുഹമ്മദാലിക്ക് ടിയാരിയുടെ അവസ്ഥ പരിഗണിച്ച് വീട് വിൽക്കുന്നതിന് എൻ.ഒ.സി. നൽകുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 134/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക കെട്ടിടങ്ങൾക്ക് ഒറ്റത്തവണ നികുതി ഈടാക്കുന്നത് ഒഴിവാക്കുന്നത് - സംബന്ധിച്ച്. (1121/എസ്റ്റേറ്റ്/ബി2/12/ജിസിഡിഎ)*

വിശാല കൊച്ചി മേഖലയിലെ വിവിധ പദ്ധതി പ്രദേശങ്ങളിൽ വരുമാന മാർഗ്ഗമല്ലാത്തതും എന്നാൽ പൊതുജനോപകാരപ്രദവുമായ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനമെന്ന നിലയിൽ ജിസിഡിഎയെ 1975-ലെ കേരള കെട്ടിട നികുതി ആക്ട് 10 വകുപ്പ് പ്രകാരവും തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയെപ്പോലെ തന്നെ സമാനമായ വികസന പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനമെന്നത് പരിഗണിച്ചും അതോറിറ്റി വക കെട്ടിടങ്ങൾക്ക് ഒറ്റത്തവണ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് ബഹു. സർക്കാരിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 135/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം ഫിഫ അണ്ടർ-17 വേൾഡ് കപ്പ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അധിക ഇനങ്ങൾ ചെയ്തതിന്റെ സാധൂകരണം - സംബന്ധിച്ച്. (ഇ.2/4526/2016/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 നോടനുബന്ധിച്ച് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുദ്ധാരണവേളയിൽ അധിക ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തത് സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>12. തീരുമാനം നമ്പർ 136/2017-18</u>**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - പനമ്പിള്ളിനഗർ സൗത്ത് ഇൻഡ്യൻ ബാങ്കിന് മുൻവശത്തുള്ള സ്ഥലം ദുർഗ്ഗപൂജ ആഘോഷങ്ങൾ നടത്തുന്നതിന് 26.09.2017 മുതൽ 30.09.2017 വരെ വിശ്വകർമ്മ കർച്ചറൽ അസ്സോസിയേഷന് സൗജന്യമായി അനുവദിച്ചു നൽകിയത് - സംബന്ധിച്ച്. (7009/എസ്റ്റേറ്റ്/എ3/2017/ജിസിഡിഎ)*

അതോറിറ്റി വക പനമ്പിള്ളിനഗർ സൗത്ത് ഇന്ത്യൻ ബാങ്കിന് മുൻവശത്തുള്ള സ്ഥലം ദുർഗ്ഗപൂജ ആഘോഷങ്ങൾ നടത്തുന്നതിനായി 26.09.2017 മുതൽ 30.09.2017 വരെ വിശ്വകർമ്മ കൾച്ചറൽ അസ്സോസിയേഷന് സൗജന്യമായി അനുവദിച്ചു നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>13. തീരുമാനം നമ്പർ 137/2017-18</u>**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - 2017-18 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി സർവ്വേ നടത്തുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഒരു പാനൽ രൂപീകരിക്കുന്നത് - സംബന്ധിച്ച്. (2128/പി.എൽ.2/2017/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റിയുടെ 2017-18 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി Total Station Survey ഉൾപ്പെടുത്തി സർക്കാർ നിരക്കിൽ സർവ്വേ നടത്തുന്നതിന് ഒരു പാനൽ രൂപീകരിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ താഴെ പറയുന്ന കമ്പനികളെ ഉൾപ്പെടുത്തി പാനൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

1) Jai Groups, TKS Road, Maradu P.O., Ernakulam.
2) Technovision surveys and mapping Co. Pvt. Ltd., Vision Enclave, Near South Police Quarters, Kunnathurmedu, Palakkadu.

**<u>14. തീരുമാനം നമ്പർ 138/2017-18</u>**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം ഫിഫ അണ്ടർ-17 പ്രവർത്തികൾ സ്റ്റേഡിയത്തിന്റെ കിഴക്കു പടിഞ്ഞാറു വശത്തുമുള്ള ഗ്രൗണ്ട് ലെവൽ ചെയ്ത് പാർക്കിംഗ് സജ്ജമാക്കുന്നതിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരണം - സംബന്ധിച്ച്. (ഇ.2/5985/2017/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 പ്രവൃത്തികളിൽ സ്റ്റേഡിയത്തിന്റെ കിഴക്കും പടിഞ്ഞാറും വശത്തുള്ള ഗ്രൗണ്ട് ലെവൽ ചെയ്ത് പാർക്കിംഗ് സജ്ജമാക്കുന്നതിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിനും 2016 DSR rate കൂടി പരിഗണിച്ചുവേണം പേയ്മെന്റ് നടത്തേണ്ടതെന്നും തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 139/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ഫിഫ അണ്ടർ-17 വേൾഡ് കപ്പ് - ഹാൻഡ് റെയിലുകളുടെ ഉയരം കൂട്ടുന്ന പ്രവർത്തി അധിക ഇനങ്ങളുടെ സാധൂകരണം - സംബന്ധിച്ച്.*
*(ഇ.2/4645/2017/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിനോട് അനുബന്ധിച്ച് ഹാൻഡ് റെയിലുകളുടെ ഉയരം കൂട്ടുന്ന പ്രവൃത്തിയിൽ അധിക ഇനങ്ങൾ ഉൾപ്പെടുത്തി ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 140/2017-18**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - ലാന്റ് ബാങ്ക് പദ്ധതി - സംബന്ധിച്ച്.*
*(6988/പി.എൽ.2/2017/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരമുള്ള സാഹചര്യത്തിൽ 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ടിനെ ആധാരമാക്കി അതോറിറ്റിക്ക് നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനായി ലാന്റ് ബാങ്ക്, ലാന്റ് പൂളിംഗ് എന്നിവ നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

യോഗം 4.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി